# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5239 — 05.07.2012-ൽ മറുപടിക്ക്

## എന്റെ സംഘം - കാമ്പയിൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ :<br>ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. അൻവർ സാദത്ത് : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) എന്റെ സംഘം-കാമ്പയിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം, വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കുറേക്കൂടി കാര്യക്ഷമമാക്കുന്നതോടൊപ്പം, സംഘത്തിലെ ഓരോ അംഗത്തേയും, അവർ അംഗങ്ങളായ സംഘത്തിന്റെ പ്രവർത്തനത്തിലെ സജീവ പങ്കാളികളാക്കുക എന്ന ലക്ഷ്യം മുൻനിർത്തി, സംഘം പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിനും, എല്ലാ സംഘാംഗങ്ങൾക്കും തങ്ങളുടെ സംഘങ്ങളെ സംബന്ധിച്ച് അഭിമാനം ഉളവാക്കുന്നതിനുമായാണ് പ്രസ്തുത കാമ്പയിൻ നടത്തുന്നത്. ഇതിലൂടെ ഓരോ പ്രദേശത്തേയും സംഘങ്ങൾ, അവ ഏതു തരത്തിലും, വിഭാഗത്തിലും പെട്ടവയാണെങ്കിലും ടി സംഘം തന്റേതാണെന്നും, സാധാരണക്കാർക്കും, കർഷകർക്കും, ഇടത്തരക്കാർക്കും ഈ സഹകരണ സംഘം നിലനിൽക്കേണ്ടത് ആവശ്യമാണെന്നും, ഈ പ്രസ്ഥാനം കാത്തു സൂക്ഷിക്കേണ്ടത് തങ്ങളാണെന്ന അവബോധം സൃഷ്ടിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

| | |
|---|---|
| (ബി) സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ ഓരോ അംഗത്തെയും സജീവ പങ്കാളിയാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (ബി) ഇതിലേക്കായി ചുവടെ പരാമർശിക്കുന്ന കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. |

1. സംഘം നിയമാവലി/രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സംഘം ആസ്ഥാനത്ത് ലഭ്യമാക്കുക
2. അംഗത്വ രജിസ്റ്ററിൽ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി രജിസ്റ്റർ പൂർണ്ണമാക്കുക.
3. സംഘത്തിൽ ദ്വയാംഗത്വം ഉള്ളവരെ കണ്ടെത്തി അംഗത്വത്തിൽ നിന്നും നീക്കം ചെയ്യുക.
4. തിരിച്ചറിയൽ കാർഡ് നൽകാൻ നടപടി സ്വീകരിക്കുക.
5. തിരിച്ചറിയൽ കാർഡ് രജിസ്റ്റർ കാലാനുസൃതമാക്കുക.
6. ലാന്റ് രജിസ്റ്റർ കാലാനുസൃതമാക്കുക.
7. വായ്പ കുടിശ്ശിക ഈടാക്കുന്നതിനും, വായ്പകൾ വേഗത്തിൽ വിതരണം ചെയ്യുന്നതിനുമായി ക്യാമ്പയിൻ കാലയളവിൽ പ്രത്യേക നടപടി സ്വീകരിക്കുക.
8. വിവിധ ക്ഷേമനിധികളിൽ അംഗങ്ങളെ ചേർക്കുക.
9. കൃത്യമായി പൊതുയോഗം കൂടാൻ നടപടിയെടുക്കുക.
10. ആഡിറ്റ് ഒബ്ജക്ഷനുകൾ നീക്കം ചെയ്യുക.
11. സർക്കാർ അനുവദിച്ച ആനുകൂല്യങ്ങൾ പിൻവലിക്കുന്നതിന് നടപടിയെടുക്കുക.
12. ആഡിറ്റ് കുടിശ്ശിക തീർക്കുന്നതിന് നടപടി സ്വീകരിക്കുക.
13. ഫ്ളൂയിഡ് റിസോഴ്സസ് സൂക്ഷിക്കുന്നതിനും, ഫ്ളൂയിഡ് റിസോഴ്സസ് രജിസ്റ്റർ കാലാനുസൃതമാക്കുന്നതിനും നടപടി സ്വീകരിക്കുക.
14. റിസർവ് ഫണ്ട് അടയ്ക്കാനുള്ള നടപടി സ്വീകരിക്കുക
15. ജീവനക്കാരുടെ ജോലി വിഭജനം/സീറ്റ് മാറ്റം എന്നിവയ്ക്ക് നടപടി സ്വീകരിക്കുക.
16. ജീവനക്കാർക്ക് പരിശീലനം നൽകുക.
17. സെമിനാറുകൾ നടത്തുക.
18. ഹെൽപ്പ് ഡെസ്കുകൾ ആരംഭിക്കുക.

19. മികച്ച കർഷകന് അവാർഡ് നൽകുക.
20. കമ്പ്യൂട്ടറൈസേഷൻ നടപടികൾ പൂർത്തിയാക്കുക.
21. സ്വാശ്രയ ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുക.
22. ലൈബ്രറികൾ കാര്യക്ഷമമാക്കുക.

(സി) കാമ്പയിൻ എന്നു മുതലാണ് നടപ്പിലാക്കിയത് ?

(സി) ക്യാമ്പയിൻ 2012 ഏപ്രിൽ 14-നാണ് ആരംഭിച്ചത്.

**സെക്ഷൻ ഓഫീസർ**